# നിനവ്

## ബി.ജെ.എസ്.എം മഠത്തിൽ
## വി.എച്ച്.എസ്.എസ്,തഴവ



# എഡിറ്റോറിയൽ

കേരളത്തിന് ബി.ജെ.എസ്.എമ്മിൻെറ സമ്മാനമായിരുന്ന-നിനവ്.ശ്രീ.മഠത്തിൽ വാസുദേവൻ പിള്ള സാറിൻെറ ആത്മാവിനു മുന്നിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് മഠത്തിൽ സ്കൂളിലെ ലിറ്റിൽ കൈറ്റ്സിലെ കുട്ടികൾ തയ്യാറാക്കിയ സ്കൂൾ ഡിജിറ്റൽ മാഗസിനാണ് നിനവ്.ഈ സ്കൂളിൽ ഈ വർഷം നടത്തിയ എല്ലാ പരിപാടികളും കോർത്തിണക്കി നിർമ്മിച്ച മാഗസിൻ. സ്കൂളിലെ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ കാര്യങ്ങളാണ് ഇതിൽ കോർത്തിണക്കിയത്.സ്കൂളിന് അഭിമാനമായവർ,സ്കൂളിൻെറ പേരും പെരുമയും ലോകമെമ്പാടും ഉയർത്തിയ സുവർണ്ണനിമിഷങ്ങളെ ഓർത്തെടുക്കാൻ-നിനവ്.

എന്ന്

എഡിറ്റർ

ലിറ്റിൽ കൈറ്റ്സ് ലീഡർ

## ആമുഖം:-

സ്കൂൾ സ്ഥാപകമാനേജർ..........................................4-5
ഞങ്ങളുടെ വിദ്യാലയത്തെപ്പറ്റി....................................5,6-7
സ്കൂൾ പ്രഥമാദ്ധ്യാപിക..............................................7
തഴവ,തഴപ്പായുടെ നാട്..............................................8-9
ജൈവവൈവിധ്യം..................................................9
സ്നേഹസാന്ത്വനം.......................................................9-10
പ്രവേശനോത്സവം...................................................10-
ഹൈടെക്...........................................................10
എൻ.സി.സി,ജെ.ആർ.സി,സ്കൗട്&ഗൈഡ്സ്,
ലിറ്റിൽ കൈറ്റ്സ്..................................................10-11
ലിറ്റിൽ കൈറ്റ്സ് ഉദ്ഘാടനം....................................11
നവപ്രഭയും മലയാളത്തിളക്കവും..................................11-12
കേരളക്കരയോടൊപ്പം ബി.ജെ.എസ്.എമ്മും..................12
യൂറിനറി കോപ്ലക്സ് ഉദ്ഘാടനം....................................13
യുവജനോത്സവം....................................................14-15
സാംസ്കാരിക രംഗം................................................15-16
മിന്നും താരങ്ങൾ ബാലയും അഭിനാഗും..........................16-17
തണൽ.............................................................17-18
നന്ദി..............................................................19

**പ്രിയ ഗുരുനാഥൻ,സ്ക്കൂളിന്റെ സ്ഥാപക മാനേജർ ശ്രീ മഠത്തിൽ വാസുദേവൻ പിള്ള സാറിന്റെ ഓർമ്മകളിൽ ഒരു നിമിഷം...........**



**ഒരു നാടിനു തന്നെ അക്ഷരവെളിച്ചമേകിയ ശ്രീ.മഠത്തിൽ വാസുദേവൻ പിള്ള സാറിൻെറ സ്വപ്നസാഫല്യമായിരുന്നു ബി.ജെ.എസ്.എം മഠത്തിൽ വി.എച്ച്.എസ്.എസ്. വിദ്യാഭ്യാസ മേഖലയിൽ ഉയർച്ചയില്ലാതെയിരുന്ന ഒരു നാടിനു അഭിമാനമാണു  ഈ സ്കൂൾ. ആ മഹാൻ ഈ**

നാടിൻെറ തന്നെ ഗുരുവായി.ഈ സ്കൂളിൻെറ ഉയർച്ചയ്ക്ക് കാരണം അദ്ദേഹത്തിൻെറ അധ്വാനമാണ്. വിദ്യാഭ്യാസരംഗത്ത് അദ്ദേഹം അനുഭവിച്ച ബുദ്ധിമുട്ടുകൾ തൻെറ വരുംതലമുറ അനുഭവിക്കരുതെന്ന ആഗ്രഹമായിരുന്നു അദ്ദേഹത്തിന്. ഈ നാടിൻെറ അഭിമാനവും അഹങ്കാരവുമാണ് അദ്ദേഹം.ആഗസ്റ്റ് 8 2015 ൽ മരണമടഞ്ഞ അദ്ദേഹം ഈ നാട്ടുകാരുടെയും കുട്ടികളുടെയും മനസ്സിലൂടെ ജീവിക്കുന്നു.ഈ ദിവസം ഈ സ്കൂളിൻെറ ഹിരോഷിമ ദിനമായിരുന്നു.ഞങ്ങളുടെ മനസ്സിലൂടെ അദ്ദേഹം ഇന്നും നിറദ്ദീപമായി ജ്വലിക്കുന്നു.....

# ഞങ്ങളുടെ വിദ്യാലയത്തെപ്പറ്റി..............................



മഠത്തിൽ വാസുദേവൻ പിള്ള എന്ന മഹാൻെറ സ്വപ്നസാഫല്യം-ബി.ജെ.എസ്.എം മഠത്തിൽ ഹയർ -സെക്കണ്ടറി  സ്ക്കൂൾ. വിദ്യാഭ്യാസരംഗത്തും സാംസ്കാരികരംഗത്തും മഹനീയ നേട്ടം കൈവരിക്കുന്ന വിദ്യാലയം.വാസുദേവൻ പിള്ള സാർ 1957 ൽ നിർമ്മിച്ച ഈ  വിദ്യാലയം മുൻ വിദ്യാഭ്യാസമന്ത്രി ബേബി ജോൺ അവറുകളുടെ സ്മരണാർത്ഥമുള്ളതാണ്.ഒരു നാടിനു തന്നെ അക്ഷരവെളിച്ചമേകിയ വിദ്യാലയം.തഴവയുടെ പേരും പെരുമയും  ലോകമെമ്പാടും  വിളിച്ചോതിയ വിദ്യാലയം.പഠനത്തിലും പഠനേതര മേഖലയിലും ഇവിടുത്തെ ചുണക്കുട്ടികൾ കൈവരിക്കുന്ന നേട്ടങ്ങൾ മഹനീയമാണ്.വാസുദേവൻ പിള്ള സാറിൻെറ മരണശേഷം, ആ വേദനകളെ അതിജീവിച്ച് അദ്ദേഹത്തിന്റെ ഓർമകൾ ഞങ്ങളെ കെടാവിളക്കായി മുന്നോട്ടു നയിക്കുന്നു.ഇവിടുത്തെ കുട്ടികളും അധ്യാപകരും തമ്മിലുള്ള പരസ്പരസ്നേഹവും വിശ്വാസവും മറ്റു സ്ക്കൂളുകൾക്ക് മാതൃകയാണ്.ഞങ്ങളുടെ സൗഭാഗ്യവും ഇതു തന്നെയാണ്.പഠനകാര്യങ്ങൾ മാത്രമല്ല,കുട്ടികളുടെ സ്വഭാവം നന്നാക്കുകയും ചെയ്യുന്നു ഇവിടുത്തെ അധ്യാപകർ.സ്വപ്നം കാണുക എന്നതല്ല,എങ്ങനെ സ്വപ്നം കൈവരിക്കാം എന്നതാണ് ഇവിടുത്തെ മുഖ്യ അജണ്ട.സ്വപ്നത്തെ കൈവരിക്കാൻ ഇവിടുത്തെ കുട്ടികൾ പഠിക്കുന്നു,അങ്ങനെ അത് കൈവരിക്കും ഞങ്ങൾ....... പ്രകൃതിയെ സ്നേഹിക്കാനും സംരക്ഷിക്കാനും പഠിക്കുന്നു *ഇവിടുത്തെകുട്ടികൾ.മാനുഷികമൂല്യങ്ങൾ കൈവിടാതെ നല്ല*

മനുഷ്യരാവട്ടെ ഇവിടുത്തെ കുട്ടികൾ....



## സ്കൂൾ പ്രഥമാദ്ധ്യാപിക



**ടി.എൽ സബിത**




# തഴവ,തഴപ്പായുടെ നാട്



**ബി.ജെ.എസ്.എം മഠത്തിൽ സ്കൂൾ നിലക്കൊള്ളുന്നത് തഴവയിലാണ്.തഴവയുടെ സംസ്കാരം എന്നും ഞങ്ങൾക്ക് കൈത്താങ്ങാണ്.ഈ നാടിൻെറ സംസ്കാരപാരമ്പര്യം ഈ സ്കൂളിനുമുണ്ട്.തഴപ്പായയിൽ നിന്നു പേര് ഉൾക്കൊണ്ട തഴവ എന്ന നാട് വികസനത്തിൻെറ വക്കിലാണ് എന്നത് അഭിമാനമുള്ള കാര്യമാണ്.അതിലെ ഏറ്റവും വലിയ കാര്യം ബി.ജെ.എസ്.എമ്മിൻെറ വളർച്ച തന്നെയാണ്,എന്നുള്ളതിൽ**

**സംശയമില്ല.ഈ നാടിൻെറ സംസ്കാരത്തെ തൊട്ടറിയുകയാണ് ഇവിടുത്തെ മിടുക്കർ.തഴവയുടെ അഭിമാനമായി ബി.ജെ.എസ്.എം നിലകൊള്ളുന്നു,എന്നും അഭിമാനമായി......മണിമുത്തമായി.....**

# ജൈവവൈവിധ്യം




പ്രകൃതിയോട് ഇണങ്ങി ജീവിക്കുന്നവർ തന്നെയാണ് ഇവിടുത്തെ അധ്യാപകരും കുട്ടികളും.ഇങ്ങനെ കൃഷിചെയ്ത് കിട്ടുന്ന പച്ചക്കറികൾ ഇവിടുത്തെ ഉച്ചഭക്ഷണത്തിൽ ഉൾപ്പെടുത്താറുണ്ട്.അധ്യാപകരും കുട്ടികളും ചേർന്ന് അതിവിജയകരമായി ഇതിനെ മുന്നോട്ടു നയിക്കുന്നു.ഇതിനുവേണ്ടി ഹരിതസേന എന്ന സംഘടനയുമുണ്ട്.പ്രകൃതിയെയും കൃഷിയെയും മറന്നുപോകുന്ന മനുഷ്യരാണ് ഇന്നത്തെ കാലത്ത്.ഇതിനെതിരെ യുവതലമുറയെ വാർത്തെടുക്കാൻ ഇവിടുത്തെ അധ്യാപകർ പരിശ്രമിക്കുന്നു.പ്രകൃതിമാതാവിനെ മറക്കാതിരിക്കുക.... പ്രകൃതിയെ സ്നേഹിക്കുക...

# സ്നേഹസാന്ത്വനം

നിരാലംബരും,നിർദ്ധനരും,രോഗികളുമായ വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും സഹായിക്കുന്നതിനായി ബി.ജെ.എസ്.എം മഠത്തിൽ സ്കൂളിൽ സംഘടിപ്പിച്ച സംരഭമാണ് സ്നേഹസാന്ത്വനം... രോഗങ്ങൾക്കൊണ്ട് പൊറുതിമുട്ടുന്നവരെ സാമ്പത്തികമായി സഹായിക്കാനായി അധ്യാപകരും കുട്ടികളും ചേർന്ന് നടത്തി-വരുന്ന സന്നദ്ധസേവനസംഘടനയാണ് സ്നേഹസാന്ത്വനം...

# ഞങ്ങളുടെ ഈ വർഷത്തെ പ്രവർത്തനങ്ങൾ-ഒരു തിരിഞ്ഞു നോട്ടം...........

## പ്രവേശനോത്സവം

**കുരുന്നുകൾക്ക് അക്ഷരവെളിച്ചത്തിനു തിനാളം നാട്ടിയ ആദ്യദിനം.കുഞ്ഞിക്കണ്ണുകളിൽ സന്തോഷവും സങ്കടവും മിന്നിമറഞ്ഞു. ഇണക്കങ്ങളും പിണക്കങ്ങളും അനുഭവിച്ചറിയാൻ തുടക്കംക്കുറിച്ച ആദ്യദിനം. കുട്ടികൾക്ക് മധുരവും കളിപ്പാട്ടങ്ങളും വിതരണംചെയ്തു അധ്യാപകർ അവരുടെ സന്തോഷവും പങ്കുവെച്ചു. ചിലരുടെ കണ്ണുകളിൽ ഈറനണിഞ്ഞിരുന്നെങ്കിലും പുതിയ കൂട്ടുകാരുടെ സ്നേഹവും സൗഹർദ്ദവും അവരെ സന്തോഷമുള്ളവരായി.വിദ്യയുടെ പുതിയ പടിയിലേക്ക് കാലുവെച്ച കുരുന്നുകളോടൊപ്പം രക്ഷകർത്താക്കളും ഒപ്പംമെത്തി.വിദ്യയുടെ**

ശോഭ ഈ കുരുന്നുകളുടെ മനസ്സിൽ തെളിയട്ടേ..........

# ഹൈടെക്

മുഴുവനായും ഹൈടെക്കാവാത്ത സ്കൂളാണ് ഞങ്ങളുടേതെങ്കിലും ലഭിച്ച സൗകര്യങ്ങൾ ഫലപ്രദമായി ഉപയോഗിച്ചു വരുന്നു.10,11,12 ക്ലാസ്സുകൾ മുഴുവനായും ഹൈടെക്കായ ഒരു സ്കൂളാണ് ഇത്.മറ്റു ക്ലാസ്സുമുറികളുടെ ഭൗതികസൗകര്യങ്ങൾ നല്ല രീതിയിൽ അല്ലാത്തതിനാൽ ഹൈടെകായിട്ടില്ല.സ്മാർട്ട് റൂമ് സൗകര്യം ഈ സ്കൂളിലുണ്ട്.ലിറ്റിൽ കൈറ്റ്സിൻെറ ആഭിമുഖ്യത്തിൽ ലഭിച്ച ടി.വിയും മറ്റും ഫലപ്രദമായി ഉപയോഗിച്ചു വരുന്നു.ലിറ്റിൽ കൈറ്റ്സിൻെറ പ്രവർത്തനങ്ങൾ ഇവിടുത്തെ കുട്ടികൾ നല്ല രീതിയിൽ പ്രയോജനപ്പെടുത്തുന്നു.വിദ്യാഭ്യാസമേഖലയിൽ കുട്ടികളുടെ നിലവാരം മെച്ചപ്പെടുത്താൻ ഹൈടെക് സൗകര്യങ്ങൾ ഫലപ്രദമായി ഉപയോഗിച്ചുവരുന്നു.പത്താം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് എല്ലാ വിഷയങ്ങളെ സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും ഈ സൗകര്യങ്ങൾ ഉപയോഗിച്ച് പഠിപ്പിക്കുന്നു.ഇങ്ങനെ ഇതെല്ലാം പ്രയോജനപ്പെടുത്തി ഐ.റ്റി മേഖലയിൽ മികച്ച നിലവാരം കൈവരിക്കുന്നു-ഇവിടുത്തെ കുട്ടികൾ.....

## എൻ.സി.സി,ജെ.ആർ.സി,സ്കൗട്ട്&ഗൈഡ്സ്, ലിറ്റിൽ കൈറ്റ്സ്

*കുട്ടികളുടെ മികവ് തെളിയിക്കുവാനായി ഒട്ടനേകം പ്രവർത്തനങ്ങൾ സ്കൂളിൽ നടത്തുന്നുണ്ട്. അതിന് ഓരോന്നിനായി ഓരോ അദ്ധ്യാപകരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.സ്കൂളിൻെറ പുരോഗമനത്തിനായി ഇത് വളരെ ഉപയോഗപ്രദമായിട്ടുണ്ട്.ഇതിൻെറ എല്ലാ പ്രവർത്തനങ്ങളും ശരിയായ രീതിയിൽ നടന്നുവരുന്നു.*

*എൻ.സി.സി കുട്ടികളുടെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടന്നുവരുന്നു.ഇവരുടെ ആഭിമുഖ്യത്തിൽ പല പരിപാടികളും സ്കൂളിൽ ആവിഷ്കരിച്ചിട്ടുണ്ട്.*

*ജെ.ആർ.സിയുടെ ആഭിമുഖ്യത്തിലും പല*

*പരിപാടികളും നടക്കുന്നുണ്ട്.പ്രളയാനന്തരം ദുരിതാശ്വാസ ക്യാംപുകളിലേക്ക് ആവശ്യസാധനങ്ങൾ എത്തിച്ചുനൽകി.*

*ഹൈസെക്കൻെററി വിദ്യാര്ത്ഥികൾക്കു സ്കൗട്ട്&ഗൈഡ്സ് പ്രവർത്തനങ്ങൾ നടന്നുവരുന്നു.*

*ലിറ്റിൽ കൈറ്റ്സിൻെറ ആഭിമുഖ്യത്തിൽ ഡിജിറ്റൽ മാഗസിൻ നിർമ്മാണം,ഡോകുമെൻെററി നിർമ്മാണം എന്നിവ മുന്നോട്ടുപോകുന്നു.നാൽപത് കുട്ടികളുടെ നേതൃത്വത്തിൽ ഐ.റ്റി മേഖലയിൽ ഹൈടെക് സൗകര്യങ്ങൾ ഉപയോഗിച്ച് പല പരിപാടികളും ചെയ്തുവരുന്നു.*

# ലിറ്റിൽ കൈറ്റ്സ് ഉദ്ഘാടനം

*ലിറ്റിൽ കൈറ്റ്സിൻെറ സ്കൂൾ-ത്തല ഉദ്ഘാടനം ബഹുമാനപ്പെട്ട സ്കൂൾ പ്രഥമാദ്ധ്യാപിക ശ്രീമതി.സബിത ടീച്ചർ നിർവ്വഹിച്ചു.ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ ബിജു സാറും മിസ്ട്രസ്സ് താര ടീച്ചറും കൈറ്റിനെക്കുറിച്ച് വിശദീകരിച്ചു.സ്കൂൾ ഐ.റ്റി ഓർഡിനേറ്ററായ ശർമിള ടീച്ചർ ആശംസകൾ നൽകി.അധ്യാപകരായ രേഷ്മ ടീച്ചറും റീന ടീച്ചറും ജേക്കബ് സാറും അജിത്ത് സാറും കൈറ്റിൻെറ നാൽപത് അംഗങ്ങളും പങ്കെടുത്തു.ഇതിൻെറ പ്രവർത്തനങ്ങൾ നല്ലരീതിയിൽ നടന്നു- വരുന്നു.*

# നവപ്രഭയും,

# മലയാളത്തിളക്കവും

പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് മികവ് വരുത്തുവാൻ കേരള സർക്കാർ ഒരുക്കുന്ന ഒരു സംരഭമാണ് ഇത്,വിജയകരമായി തുടരുന്ന ഇത് തുടർന്നുവരുന്നു.ഇതിനായി മികവേറിയ അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നു.കേരളത്തിലെ എല്ലാ സ്കൂളുകളിലും ഇത് പ്രാവർത്തികമായിട്ടുണ്ട്.എല്ലാ പ്രവർത്തി ദിവസങ്ങളിലും ഒരു മണിക്കൂർ നീണ്ടുനിൽക്കുന്ന ക്ലാസുകളിൽ ഉണർവ് വരുത്താൻ ഭക്ഷണപാനീയങ്ങൾ നൽകുന്നതാണ്.നോട്ട് ബുക്കുകളും മറ്റു പഠനോപകരണങ്ങളും  നൽകാറുണ്ട്.നവപ്രഭയിൽ എല്ലാ വിഷയങ്ങളുടെയും അടിസ്ഥാനം പഠിപ്പിക്കുന്നു.മലയാളത്തിൽ

മികവ് തെളിയിക്കാനാണ് മലയാളത്തിളക്കം ആരംഭിച്ചിരിക്കുന്നത്.ഇത് വളരെ ഉന്നതമായ ഒരു തലമുറയെ വാർത്തെടുക്കാൻ സഹായിക്കുന്നു.

*നല്ലൊരു നാളേയ്ക്കായ് പ്രതീക്ഷിക്കാം......*

# കേരളക്കരയോടൊപ്പം

# ബി.ജെ.എസ്.എമ്മും

***ഈ നൂറ്റാണ്ടിൽ കേരളം നേരിട്ട ഏറ്റവും വലിയ ദുരന്തമായ പ്രളയത്തിൽ കേരളത്തിന് കൈത്താങ്ങായി ബി.ജെ.എസ്.എമ്മും ഒപ്പംച്ചേർന്നു.ജെ.ആർ.എസിയും സ്കൂളിലെ മറ്റ കുട്ടികളും ചേർന്ന് ഭക്ഷ്യസാധനങ്ങളും വസ്ത്രങ്ങളും മറ്റും ശേഖരിച്ചു. വിദ്യാർത്ഥികളും അധ്യാപകരും ഉത്സാഹത്തോടെ സഹകരിച്ചു. ജെ.ആർ.സി പ്രതിനിധികളും അധ്യാപകരും കുട്ടികളും ചേർന്ന് അവരെ നല്ല രീതിയിൽ സഹായിച്ചു.കുട്ടികളും അദ്ധ്യാപകരും ഒരു പോലെയാണ് ഈ പ്രതിസന്ധിയിൽ അവരെ കരകയറ്റാൻ പങ്കു വഹിച്ചത്.കുട്ടനാടിനു വേണ്ടി ശേഖരിച്ച ഈ സാധനങ്ങൾ അധ്യാപകരും മറ്റും ചേർന്ന് കൊല്ലത്തെത്തിച്ചു.കേരളത്തിനെ സംരക്ഷിക്കാൻ ഇവിടുത്തെ യുവതലമുറയും ഒപ്പംചേർന്നു.പ്രകൃതി മനുഷ്യനെ ചൂഷണം ചെയ്യുന്ന ഈ കാലത്ത്,പ്രകൃതിമാതാവ് നൽകിയ മുന്നറിയിപ്പാണ് ഈ പ്രളയം.ഈ ദുഃഖസമയത്ത് കേരളക്കരയോടൊപ്പം നിലനിന്നവർക്ക് നന്ദി...***

# യൂറിനറി കോപ്ലക്സ് ഉദ്ഘാടനം



കരുനാഗപ്പള്ളി എം.എൽ.എ ശ്രീ.രാമചന്ദ്രൻ അവറുകളുടെ വികസന ഫണ്ടിൽ നിന്നുമെടുത്ത രൂപ കൊണ്ട് നിർമ്മിച്ച യൂറിനറി കോപ്ലക്സിൻെറ ശിലാസ്ഥാപനം-18.06.2018 ൽ അദ്ദേഹം ചെയ്തു,23.11.2018 ൽ അദ്ദേഹംതന്നെ ഉദ്ഘാടനം ചെയ്തു.പെൺക്കുട്ടികൾക്കു മാത്രമായി എല്ലാ സൗകര്യങ്ങ-ളോടുകൂടിപണിതതാണിത്.പി.റ്റി.എപ്രസിഡൻെറ് അദ്ധ്യക്ഷത വഹിച്ചു.സാമൂഹ്യപ്രമുഖർ പങ്കെടുത്തു.അധ്യാപ-*കരുടെയും കുട്ടികളുടെയും രക്ഷകർത്താക്കളുടെയും നിറസാ-നിദ്ധ്യം ഈ പരിപാടിക്ക് ശോഭയേകി.ഈ കെട്ടിടം ഞങ്ങൾക്കു പണിതു നൽകിയ രാമചന്ദ്രൻ അവറുകൾക്കു നന്ദി.....*

# യുവജനോത്സവം

വിദ്യാർത്ഥികളുടെ കഴിവുകൾ പ്രദർശിപ്പിക്കാൻ ഉള്ളതാണല്ലോ യുവജനോത്സവവേദികൾ.അതിനാൽ ബി.ജെ.എസ്.എം മഠത്തിൽ സ്കൂളിലും വർഷത്തിൽ മൂന്നു ദിവസം കലോത്സവം നടത്താറുണ്ട്.ഈ സമയങ്ങളിൽ ഇവിടുത്തെ അധ്യാപകരും രക്ഷകർത്താക്കളും കുട്ടികളും മറ്റും ഉത്സാഹത്തിലാണ്.അങ്ങനെ മൂന്നു ദിവസമായി പല ഇനങ്ങളിലായി മത്സരങ്ങൾ നടത്തുന്നു. കലാകാരന്മാരും കലാകാരികളും മികച്ച നിലവാരം പുലർത്തുന്നു.സാമൂഹ്യപ്രമുഖർ വിധിക്കർത്താക്കൾ ആകുന്നു.മത്സരങ്ങളിൽ ജയപരാജയങ്ങൾ സ്വാഭാവികമാണെങ്കിലും ഇവിടുത്തെ കുട്ടികൾ നിരാശപ്പെടുന്നില്ല. അതിനു എല്ലാവർക്കും കൈത്താങ്ങായി ഇവിടുത്തെ അധ്യാപകർ നിലകൊള്ളുന്നു.പ്രചോദനമേകി മറ്റുകൂട്ടുകാരും.സംഗീതവും നൃത്തവും മറ്റും സ്വായത്തമാക്കിയവരാണ് ഇവിടുത്തെ കുട്ടികളിൽ പലരും.ഇങ്ങനെ കലോത്സവവേദികൾ കീഴടക്കുന്നു ഇവിടുത്തെ കുട്ടികൾ.ഇങ്ങനെ നേട്ടങ്ങൾ കൊയ്യാൻ ഇനിയും കഴിയട്ടെ എന്ന് ആശംസിക്കുന്നു.അങ്ങനെ

**വിജയത്തിൻെറ മൂർദ്ദാവിൽ എത്തിനിൽക്കുന്ന ഈ അസുലഭനിമിഷത്തിൽ കലയെ സ്നേഹിക്കുന്ന എല്ലാ കുട്ടികൾക്ക് അനുമോദനങ്ങൾ....**

# സാംസ്കാരിക രംഗം



സാംസ്കാരികരംഗത്തും ഇവിടുത്തെ ചുണക്കുട്ടികൾ കൈവരിച്ച വിജയങ്ങൾ എണ്ണമറ്റതാണ്.വിജയത്തിൻെറ മൂർദ്ദാവിൽ എത്തിനിൽക്കുന്ന ഈ അസുലഭ നിമിഷത്തിലും കലയുടെ പല വേദികൾ ഇന്നും കീഴടക്കുന്നു അവർ.കല സ്വപ്നമാക്കിയവർ അഭിമാനമാകുന്നു ബി.ജെ.എസ്.എമ്മിന്.

ബാല വർഷങ്ങൾക്കു ശേഷം 2019 ലെ റിപബ്ലിക് ദിന പരേഡിൽ നൃത്തത്താൽ അവസരം ലഭിച്ച മിറുക്കി.യുവജനോത്സവ വേദിയിൽ മോഹിനിയാട്ടം,കുച്ചിപ്പുടി,ഭരതനാട്യം എന്നീ നൃത്തരൂപങ്ങളിൽ മികവ് തെളിയിച്ച അതുല്യപ്രതിഭ.

കോൽക്കളിയിൽ വർഷങ്ങളായി കിരീടം ചൂടുന്ന ബി.ജെ.എസ്എമ്മിലെ മിറുക്കർ എന്നും അഭിമാനമാണ്.ഇങ്ങനെ

ഇവർക്ക് പ്രചോദനം നൽകിക്കൊണ്ട് അധ്യാപകരും കൂട്ടുകാരും ഒപ്പംമുണ്ട്.എന്നും വിജയങ്ങൾ കൊയ്യാൻ കഴിയട്ടെ എന്നു പ്രാർത്ഥിക്കുന്നു....

## *മിന്നും താരങ്ങൾ ബാലയും അഭിനാഗും*

**അന്താരാഷ്ട്ര ചെസ്സ് മത്സരത്തിൽ മൂന്നു വർഷമായി കിരീടംചൂടുന്ന അഭിനാഗും 2019 ലെ റിപബ്ലിക് പരേഡിനു അർഹത ലഭിച്ച ബാലയും ബി.ജെ.എസ്.എമ്മിൻെറ അഭിമാന താരകങ്ങളായി.**

***ഒൻപതാം ക്ലാസ്സിൽ പഠിക്കുന്ന ഇരുവരും ഈ സ്കൂളിൻെറ***



*ബാലാ വിനോദ്*



*മാസ്റ്റർ അഭിനാഗ്*

***പേരും പെരുമയും ലോകമെൻപാടും ഉയർത്തി.കുടുംബത്തിൻെറയും നാട്ടുക്കാരുടെയും സ്കൂളിൻെറയും അഭിമാനമായി ഇരുവരും നിലക്കൊള്ളുൻപോൾ ഇവർക്ക് പ്രചോദനമേകി ഈ സ്കൂളിലെ അധ്യാപകരും കൂട്ടുക്കാരും ഒപ്പംനിലനിൽക്കുന്നു.ഈ വർഷം ബി.ജെ.എസ്.എമ്മിലെ ചുണക്കുട്ടികൾ കൈവരിച്ചതിൽ ഏറ്റവും വലിയ നേട്ടമാണ് ഇരുവരും കൈവരിച്ചത്.ഇനിയും നേട്ടങ്ങൾ കൈവരിക്കാൻ ഇവർക്ക് കഴിയട്ടെ എന്ന് അനുമോദിക്കുന്നു.***

# തണൽ



പവിത്ര പി.ശശി

ഒരുനാൾ ഞാനൊരു പച്ചക്കുടയായിരുന്നു
ഇപ്പോൾ വെറുമൊരു തടി....
കൊഴിയുവാൻ ഒരിലപോലും
ഇല്ലാതെ,
എൻെറ ചെറുശാഖകൾ മുറിച്ചുനിങ്ങൾ
ആരും കാണുന്നില്ലേ എൻെറ രക്തം?
നാടിനും നാട്ടാർക്കും
വീടിനും വീട്ടാർക്കും ഒരുനാൾ
ഞാനൊരു പച്ചക്കുടയായിരുന്നു.
ചെറുപാതയിൽ ചെറുതണലായി...
ആ നാളിൽ എൻെറ ഇല കൊഴിഞ്ഞു
എൻെറ തെറ്റ്!എൻെറ തെറ്റ്!
എന്തിന് എന്നെ മാത്രം
തടിയായി നിർത്തുന്നു.
ഒരില ബാക്കിയില്ലാതെ?
വീണ്ടും കിളിർത്ത് വരുമെന്ന്
കരുതിയാണെങ്കിൽ!
എൻെറയില വീണ്ടും കൊഴിയും,
അപ്പോഴും ഇതുതന്നെ
എന്നെക്കൂടി മുറിച്ചോളൂ
നിങ്ങൾക്കു പിന്നെ ശല്യമില്ലല്ലോ

കൊഴിയിക്കില്ല എൻെറ ഇല
വിറകായി നിങ്ങൾ കീറിമുറി
ച്ചെട്ടുത്തോളൂ...
എന്നെ ഇതിന് മാത്രമേ കഴിയൂ
ഒരുനാൾ ഞാനൊരു പച്ചക്കുടയായിരുന്നു.
പൂക്കൾ വിരിഞ്ഞൊരു മരമായിരുന്നു,
തണൽ വൃക്ഷമായിരുന്നു,
ഇന്നു ഞാൻ ഒരു ശല്യമായോ!
ഓർക്കുമ്പോൾ കണ്ണുകൾ നിറയുന്നു
കാണാതെ പോകയോ എൻെറ കണ്ണീർ.

## *നന്ദി...........*

*ബി.ജെ.എസ്.എം മഠത്തിൽ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ സ്കൂൾ ഡിജിറ്റൽ മാഗസിനാണ്-നിനവ്.ഈ മാഗസിൻ തയ്യാറാക്കാൻ ഞങ്ങളെ സഹായിച്ച സ്കൂൾ പ്രഥമാദ്ധ്യാപിക സബിത ടീച്ചർക്കും ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ ബിജു സാറിനും മിസ്ട്രസ്സ് താര ടീച്ചർക്കും സ്കൂൾ ഐ.റ്റി കോർഡിനേറ്റർ ശർമിള ടീച്ചർക്കും മറ്റു അധ്യാപകർക്കും വിദ്യാർത്ഥികൾക്കും എഡിറ്റോറിയൽ ബോർഡിൻെറ നന്ദി....*

# *വിദ്യാ ധനം സർവ്വധനാൽ പ്രധാനം*